ഉത്തരം

(എ) കേസ് അന്വേഷണാവസ്ഥയിലാണ്.

(ബി)&(സി) 215 സാക്ഷികളെ ചോദ്യം ചെയ്തിട്ടുണ്ട്.

(ഡി)&(ഇ) മാനന്തവാടി പോലീസ്സ്റ്റേഷനിൽ ക്രൈം.294/95/യു/എസ്.302 ഐ.പി.സി. പ്രകാരം കേസ് എടുത്തിട്ടുണ്ട്.

മുരളീധരൻ പിള്ളയെ ആക്രമിച്ച സംഭവം

86 (3015)ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ജൂൺ 27-ന് ആലപ്പുഴ ജില്ലയിലെ വള്ളിക്കുന്നം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ വരുന്ന കുറ്റാനം ചിറ്റയ്ക്കാട്ടു വീട്ടിൽ ജി. മുരളീധരൻപിള്ള തന്റെ വീട്ടിലേക്ക് വരുമ്പോൾ രാത്രി ആക്രമിക്കപ്പെട്ട സംഭവത്തിൻമേൽ പോലീസ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) പോലീസ് ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ അന്വേഷണ നടപടികൾ ഏതു ഘട്ടംവരെയായി;

(ഡി) ഈ അക്രമ സംഭവത്തിൽ പ്രതികളായിട്ടുള്ളവർ ആരെല്ലാമാണ്; അവരെ അറസ്റ്റു ചെയ്തിട്ടുണ്ടോ;

(ഇ) ഈ കേസന്വേഷണത്തിൽ ഏതെങ്കിലും പോലീസുദ്യോഗസ്ഥൻ അലംഭാവം കാട്ടിയിട്ടുണ്ടെങ്കിൽ അവരുടെമേൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(ഡി) മുരളീധരൻപിള്ള 2-7-1999-ൽ ഒരു പരാതി വള്ളിക്കുന്നം പോലീസ് സ്റ്റേഷനിൽ നൽകിയത് അന്വേഷണം നടത്തിയതിൽ പരാതിയിൽ പറഞ്ഞിരിക്കുന്ന സംഗതി കളവാണെന്ന് വെളിവായതിനാൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലാത്തതാണ്.

(ഇ) ഇക്കാര്യത്തിന് പോലീസിന്റെ ഭാഗത്തുനിന്നും അലംഭാവം ഉണ്ടായിട്ടില്ല.

തോമസ് ചാക്കോയെ ആക്രമിച്ച സംഭവം

87(3016)ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ജൂൺ മാസം 15-ാം തീയതി രാത്രി ആലപ്പുഴ ജില്ലയിൽ വള്ളിക്കുന്നം പോലീസ് സ്റ്റേഷൻ അതിർത്തിയിൽവരുന്ന കുറ്റാനം തച്ചിരേത്ത് തോമസ് ചാക്കോയെ ഒരു സംഘം ആക്രമികൾ ആക്രമിച്ചത് സംബന്ധിച്ച് പോലീസ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഈ ആക്രമണത്തോടനുബന്ധിച്ച് പോലീസ് കേസ് എടുത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് എടുത്തിട്ടുള്ളത്;

(ഡി) ഈ കേസിലെ പ്രതികൾ ആരെല്ലാമാണ് എന്നും അവരെ ഇതിനോടകം പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ഇ) ശ്രീ. തോമസ് ചാക്കോയുടെ നേരെ വീണ്ടും വനശ്രമം ഉണ്ടായിരുന്നതിനാൽ മതിയായ പോലീസ് സംരക്ഷണം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(ഡി) തോമസ് ചാക്കോയുടെ മൊഴി രേഖപ്പെടുത്തി വള്ളിക്കുന്നം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 116/99 യു./എസ്. 323, 324, 34 ഐ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

കട കൊള്ളയടിക്കപ്പെട്ട സംഭവം

88(3017)ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽപ്പെട്ട ആലപ്പുഴ ജില്ലയിലെ കറ്റാനം മുട്ടാണിശ്ശേരിയിൽ കെ. ശശിധരന്റെ വള്ളിക്കുന്നം പോലീസ് സ്റ്റേഷനിൽ അതിർത്തിയിൽ വരുന്ന കരിമുട്ടത്ത് മുക്കിലുള്ള കട 1999 ജൂൺ 18-ന് കൊള്ളയടിക്കപ്പെട്ട സംഭവത്തിൽ പോലീസ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇതു സംബന്ധിച്ച് ശശിധരൻ നൽകിയ പരാതിയിന്മേൽ ഏതെല്ലാം വകുപ്പുകൾ പ്രകാരം കേസ് എടുത്തിട്ടുണ്ട്;

(സി) ഇതിലെ പ്രതികളെ കണ്ടെത്താനോ അറസ്റ്റു ചെയ്യാനോ കഴിഞ്ഞിട്ടുണ്ടോ;

(ഡി) മോഷണം പോയ പണവും മറ്റു തൊണ്ടിസാധനങ്ങളും കണ്ടെത്താൻ ഇതിനോടകം കഴിഞ്ഞിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഈ കേസന്വേഷണത്തിൽ വീഴ്ച വരുത്തിയ പോലീസുദ്യോഗസ്ഥന്റെ മേൽ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(ഇ) ഇപ്രകാരം ഒരു സംഭവം നടന്നതായി പോലീസിൽ ഇതുവരെ പരാതിയൊന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly